ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യമുദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

55 (1504) മദ്യവർജ്ജനം

ശ്രീ. ബി. വിജയകുമാർ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാ രാഘവൻ :
ശ്രീമതി ശോഭനാ ജോർജ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യവർജ്ജനം ഈ ഗവൺമെന്റിന്റെ നയമാണോ;

(ബി) എങ്കിൽ ഇതിനുവേണ്ടി ഈ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) മദ്യവർജ്ജനത്തിന്റെ ഭാഗമായി കള്ളുഷാപ്പുകളുടേയും വിദേശമദ്യഷാപ്പുകളുടേയും എണ്ണം കുറയ്ക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) ഒരു ഗ്രാമപഞ്ചായത്ത് അതിന്റെ പരിധിക്കുള്ളിൽ മദ്യഷാപ്പ് വേണ്ടെന്ന് തീരുമാനിച്ചാൽ അതു നടപ്പാക്കാൻ ഇന്നുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അതെ

(ബി) .വ്യാപകമായ ബോധവൽക്കരണപരിപാടികൾ നടത്തുവാനും ഇത്തരം നടപടികൾ നടത്തുന്ന സന്നദ്ധസംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) മദ്യനിരോധനം സർക്കാരിന്റെ നയമല്ല.

(ഡി) ഇക്കാര്യം ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്നതല്ല.

56 (1505) മദ്യദുരന്തം

ശ്രീ. വി. ബാലറാം :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എവിടെയെല്ലാം മദ്യദുരന്തം ഉണ്ടായിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി എത്ര പേർ മരിച്ചു;

(സി) എത്രപേർക്ക് കാഴ്ച നഷ്ടപ്പെടുകയോ അംഗവൈകല്യം ഉണ്ടാവുകയോ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം മദ്യദുരന്തത്തിലല്ലാതെ വ്യാജമദ്യം കുടിച്ചതിന്റെ ഫലമായി എത്ര പേർ മരിച്ചിട്ടുണ്ട്;

(ഇ) എത്രപേർക്ക് കാഴ്ച നഷ്ടപ്പെടുകയോ മറ്റ് ശാരീരികമായ ന്യൂനതകൾ ഉണ്ടാവുകയോ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

57 (1506) ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർ

ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവണ്മെന്റിന്റെ കാലത്ത് ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ഈ ഗവണ്മെന്റ് എന്തെല്ലാം സഹായനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികളുടെ തൊഴിലില്ലായ്മയും പാർപ്പിടപ്രശ്നവും പരിഹരിക്കുവാൻ സർക്കാർ എന്ത് പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി, ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തൊഴിൽ വകുപ്പു കമ്മിഷണറും തൊഴിലാളിനേതാക്കളും തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാന പ്രകാരം ജോലി നഷ്ടപ്പെട്ട ഓരോ തൊഴിലാളിയും 30,000/- രൂപ വീതം ഗ്രാന്റും കൂടാതെ ഓണ ആവശ്യത്തിന് 2000/- രൂപ വീതവും നൽകാൻ തീരുമാനിക്കുകയുണ്ടായി. തൊഴിലാളി ക്ഷേമനിധിയിൽ നിന്നുമുള്ള തുകയ്ക്കു പുറമേയാണ് ടി തുക സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രയോജനപ്പെടുത്തുമെന്നാണ് അന്ന് ധാരണയായത്. സർക്കാരിന് ഈയിനത്തിൽ 40 കോടിയിലധികം രൂപ ചെലവായിട്ടുണ്ട്.

മുകളിൽ വിവരിച്ചിട്ടുള്ള വസ്തുതകളുടെ വെളിച്ചത്തിൽ എന്തെങ്കിലും പുതിയ പദ്ധതി ഈ കാര്യത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ട ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

58 (1507) തിരുവനന്തപുരം റേഞ്ചിലെ കള്ളുഷാപ്പുകളുടെ വിവരങ്ങൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റേഞ്ചിൽ ആകെ എത്ര കള്ളുഷാപ്പുകളുണ്ട്; ഇവയുടെ മൊത്തം ലേലത്തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly